# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.30 — 06.01.2014 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട ചെലവുകൾ

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) മുഖ്യമന്ത്രിയുടെ ഒന്നാംഘട്ട ജനസമ്പർക്കപരിപാടിയ്ക്കു വേണ്ടി പരസ്യം, നിർമ്മാണം, ഗതാഗതം, ഭക്ഷണം, വാടക തുടങ്ങി എല്ലാ ഇനങ്ങളിലുമായി ഖജനാവിൽ നിന്ന് ചെലവായ തുകയെ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ; | എ) മുഖ്യമന്ത്രിയുടെ ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിക്കു വേണ്ടി പരസ്യം, നിർമ്മാണം, ഗതാഗതം, ഭക്ഷണം, വാടക തുടങ്ങി എല്ലാ ഇനങ്ങളിലുമായി 2,85,09,073 രൂപ (രണ്ടുകോടി എൺപത്തിയഞ്ച് ലക്ഷത്തി ഒൻപതിനായിരത്തി എഴുപത്തി മൂന്നു രൂപ) ചെലവായിട്ടുണ്ട്. |
| ബി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയ്ക്കു വേണ്ടി മേൽപറഞ്ഞ മൊത്തം ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| സി) ജനസമ്പർക്ക പരിപാടിയിൽ നിന്ന് ഭരണരംഗത്തെ പോരായ്മകളെ സംബന്ധിച്ച് പഠിച്ച പാഠങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | സി) നിലവിലുള്ള ചില ചട്ടങ്ങളും നിയമങ്ങളും പല ജനകീയ പ്രശ്നങ്ങളും സത്വരമായി പരിഹരിക്കുന്നതിന് തടസ്സമാണെന്ന് മനസ്സിലാക്കി, അതിന്റെ അടിസ്ഥാനത്തിൽ അവ ഭേദഗതി ചെയ്യുന്നതിനും പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും സാധിച്ചു. |

| | |
|---|---|
| ഡി) നിലവിലുള്ള ചട്ടങ്ങളിലും നിയമങ്ങളിലും കാലോചിതമായ മാറ്റങ്ങളും, ഭരണരംഗത്തെ അധികാരവികേന്ദ്രീകരണവും സംബന്ധിച്ച് ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ച് ശുപാർശകൾ വാങ്ങി അവ നടപ്പിലാക്കാനോ, താഴെതട്ടിലുള്ള ഭരണ സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കാനോ തയ്യാറാകുമോ; എങ്കിൽ മേല്പറഞ്ഞ പാഴ്ചെലവുകൾ ഒഴിവാക്കാൻ കഴിയുമായിരുന്നോ? | ഡി) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന വിധം ഭരണസംവിധാനം കാര്യക്ഷമമായിത്തന്നെയാണ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ